"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയം ഭരണ വകുപ്പ്- കുടുബശ്രീ- 2021-22 സാമ്പത്തിക വർഷത്തിൽ കുടുംബശ്രീയുടെ "2515-00-102-29(P) "എന്ന ശീർഷകത്തിൽ വകയിരുത്തിട്ടുള്ള പദ്ധതി വിഹിതത്തിന്റെ 8.67% തുകയായ 17,34,00,000/- രൂപ (പതിനേഴ് കോടി മുപ്പത്തിനാല് ലക്ഷം രൂപ) അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയം ഭരണ(ഐ.എ) വകുപ്പ്

സ.ഉ.(സാധാ) നം.1592/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 18/08/2021

പരാമർശം:-

1. 03.07.2018 തീയതിയിലെ സ.ഉ.(പി) നം.100/2018/ധന.
2. 30.04.2021 തീയതിയിലെ സ.ഉ.(സാധാ) നം.937/2021/തസ്വഭവ.
3. 31.05.2021 തീയതിയിലെ സ.ഉ.(സാധാ) നം.1065/2021/തസ്വഭവ.
4. 03.06.2021 തീയതിയിലെ സ.ഉ.(സാധാ) നം.1087/2021/തസ്വഭവ.
5. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 22.06.2021 തീയതിയിലെ 2425/എ/2021/കെ.എസ്.എച്ച്.ഒ നം. കത്ത്.

ഉത്തരവ്

2021-22 സാമ്പത്തിക വർഷത്തിൽ കുടുംബശ്രീയുടെ തുടർ പദ്ധതികളിൽ ഉൾപ്പെടുത്തിയിട്ടുള്ള വിവിധ പ്രവർത്തനങ്ങൾക്കായി "2515-00-102-29(P) "എന്ന ബജറ്റ് ശീർഷകത്തിൽ വകയിരുത്തിട്ടുള്ള പദ്ധതിവിഹിതമായ 200 കോടി രൂപയ്ക്ക് ഭരണാനുമതി നൽകി പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തുടർന്ന് പദ്ധതി വിഹിതത്തിന്റെ 50% തുകയായ 100 കോടി രൂപ അനുവദിച്ച പരാമർശം
(3 )പ്രകാരം ഉത്തരവാകുകയുണ്ടായി.. എന്നാൽ ടി ശീർഷകത്തിൽ പരിധി 33% ആയി നിശ്ചയിച്ച സാഹചര്യത്തിൽ 100 കോടി രൂപയുടെ 33% തുകയായ 66 കോടി രൂപ മാത്രം അനുവദിച്ചുകൊണ്ട് പരാമർശം (4) പ്രകാരം മേൽപ്പറഞ്ഞ ഉത്തരവ് ഭേദഗതി വരുത്തുകയുണ്ടായി.

2. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ജനകീയ ഹോട്ടലുകൾ പ്രവർത്തിപ്പിക്കുന്നതിനും മറ്റു പ്രവർത്തനങ്ങൾക്കുമായി കുടുംബശ്രീക്ക് കൂടുതൽ തുക ആവശ്യമായതിനാൽ ബാക്കി തുകയായ 34 കോടി രൂപ കൂടി അനുവദിച്ച നൽകണമെന്ന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (5) പ്രകാരം അഭ്യർഥിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) ഉത്തരവിലെ നിബന്ധനകൾക്ക് വിധേയമായി നടപ്പ് സാമ്പത്തിക വർഷം ഓഗസ്റ്റ് 31 വരെ കുടുംബശ്രീയുടെ "2515-00-102-29(P) "എന്ന ബജറ്റ് ശീർഷകത്തിൽ പരിധി 41.67% ആയി പുതുക്കി നിശ്ചയിച്ച സാഹചര്യത്തിൽ ,ടി ശീർഷകത്തിൽ വകയിരുത്തിട്ടുള്ള പദ്ധതി വിഹിതത്തിൽ(200കോടി) നിന്നും 8.67% തുകയായ 17,34,00,000/- രൂപ (പതിനേഴ് കോടി മുപ്പത്തിനാല് ലക്ഷം രൂപ) കൂടി അനുവദിച്ച് ഉത്തരവാകുന്നു.

3. തദ്ദേശ സ്വയം ഭരണ വകുപ്പിലെ ഡ്രോയിംഗ് ആൻറ് ഡിസ്ബേർസിംഗ് ഓഫീസർ ടി തുക കുടുംബശ്രീയുടെ "2515-00-102-29(P) "എന്ന അക്കൗണ്ടിലേയ്ക്ക് കൈമാറ്റം ചെയ്യേണ്ടതും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ തുക വിനിയോഗം സംബന്ധിച്ച സർട്ടിഫിക്കറ്റ് യഥാസമയം സർക്കാരിൽ ലഭ്യമാക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

എക്സിക്യൂട്ടിവ് ഡയറക്ടർ, കുടുംബശ്രീ
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
തദ്ദേശസ്വയം ഭരണ(എഫ്.എം.) വകുപ്പ്
ഡ്രോയിംഗ് ആൻറ് ഡിസ്ബേർസിംഗ് ഓഫീസർ, തദ്ദേശസ്വയം ഭരണ വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ&ആർ. എസ്.എ/ജി&എസ്.എസ്.എ), കേരള,
തിരുവനന്തപുരം.

ധനകാര്യ വകുപ്പ് (Dev-2/107/2021-FIN dated 28.07.2021)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.(File No.IA1/115/2021-LSGD)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ